"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - രജിസ്ട്രേഷൻ - അടൂർ സബ് രജിസ്ട്രാർ ഓഫീസിലെ ഓഡിറ്റ് റിപ്പോർട്ട് - രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ നൽകിയ ഉത്തരവിനെതിരെ ബന്ധപ്പെട്ട സബ് രജിസ്ട്രാർ ശ്രീ. എ.ഷാജഹാൻ സമർപ്പിച്ച അപ്പീൽ അപേക്ഷ - തീർപ്പാക്കി -ഉത്തരവാകുന്നു.

---

നികുതി (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.1107/2024/TAXES തീയതി,തിരുവനന്തപുരം, 12-12-2024

---

പരാമർശം:-

1. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 15.06.2020-ലെ RR(2) 526/2020 നമ്പർ നടപടിക്രമം.
2. ശ്രീ.എ.ഷാജഹാൻ സമർപ്പിച്ച 16.07.2021-ലെ അപ്പീൽ അപേക്ഷ.
3. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 24.11.2021, 31.01.2024 എന്നീ തീയതികളിലെ IGR/526/2020-RR2 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ അടൂർ സബ് രജിസ്ട്രാർ ഓഫീസിലെ 01.05.2018 മുതൽ 30.06.2019 വരെ കാലയളവിലെ ഓഡിറ്റ് റിപ്പോർട്ട് - പാർട്ട് 1 ഇനം 2 ന് ദക്ഷിണ മേഖല രജിസ്ട്രേഷൻ ഡി.ഐ.ജി. പുറപ്പെടുവിച്ച ഉത്തരവിനെതിരെ സമർപ്പിച്ച അപ്പീൽ അപേക്ഷ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ പരാമർശം (1) പ്രകാരം നിരസിച്ചതിനെ തുടർന്ന് ബന്ധപ്പെട്ട സബ് രജിസ്ട്രാർ ശ്രീ.എ.ഷാജഹാൻ സർക്കാരിലേയ്ക്ക് പരാമർശം (2) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. റിമാർക്കിനാസ്പദമായ ആധാരം 2817/18 നമ്പർ കൂട്ടവകാശ ഒഴികുറി ആധാരമാണെന്നും ടി ആധാര പ്രകാരം 6 കക്ഷികൾ ചേർന്ന് ഒരാളുടെ പേർക്ക് കൂട്ടവകാശം ഒഴിഞ്ഞു കൊടുക്കുന്നുവെന്നും ടി ആധാരത്തിലെ 1 മുതൽ 4 വരെ കക്ഷികൾ വസ്തു ലഭിക്കുന്ന കക്ഷിയുടെ സഹോദരങ്ങളാണെന്നും 5,6 കക്ഷികൾ യഥാക്രമം 1 മുതൽ 4 വരെ കക്ഷികളുടേയും വസ്തു ലഭിക്കുന്നയാളുടേയും മരണപ്പെട്ടുപോയ സഹോദരിയുടെ ഭർത്താവും, മകളുമാണെന്നും മേൽ പ്രകാരം 5,6 കക്ഷികൾ കേരളാ മുദ്രപത്ര പട്ടിക 48 (a) യിലെ കുടുംബം എന്ന നിർവ്വചനത്തിൽ ഉൾപ്പെട്ടുവരുന്നില്ലെന്നും അതുകൊണ്ടുതന്നെ 1 മുതൽ 4 വരെ കക്ഷികൾ ഒഴിഞ്ഞു കൊടുക്കുന്ന അവകാശത്തിന് 48 (a) പ്രകാരവും 5 ഉം 6 ഉം കക്ഷികൾ ഒഴിഞ്ഞുകൊടുക്കുന്ന അവകാശത്തിന് 48 (b) പ്രകാരവുമുള്ള മുദ്രവില ചുമത്തേണ്ടിയിരുന്നതും എന്നാൽ ഓരോരുത്തരുടേയും അവകാശക്രമം വ്യക്തമായി ആധാരത്തിൽ രേഖപ്പെടുത്താത്തതിനാൽ മുഴുവൻ തുകയും 48 (b) പ്രകാരമുള്ള മുദ്രവിലയും ഫീസും

ഈടാക്കേണ്ടിയിരുന്നു എന്നതുമാണ് റിമാർക്ക്.

3. 27/11/2018- ൽ സഹോദരങ്ങളായ 1 മുതൽ 4 വരെ കക്ഷികളും മരിച്ചുപോയ സഹോദരിയുടെ അനന്തരാവകാശികളും ചേർന്ന് മറ്റൊരു സഹോദരനു നൽകിയ കൂട്ടവകാശ ഒഴിവുകുറിയാധാരമാണിതെന്നും 430000 രൂപ പ്രതിഫലം കാണിച്ചിട്ടുള്ള ആധാരത്തിന് 1000/- രൂപ മുദ്രവിലയും 4300/- രൂപ ഫീസും ഒടുക്കിയിട്ടുണ്ടെന്നും എന്നാൽ മരിച്ചുപോയ സഹോദരിയുടെ അഞ്ചിൽ ഒരു അവകാശത്തിന് കേരള മുദ്രപത്രപട്ടിക 48 (b) പ്രകാരം 6880 രൂപ മുദ്രവിലയും 860 രൂപ ഫീസും കൂടി ഈടാക്കേണ്ടിയിരുന്നത് ജോലിത്തിരക്കുകാരണം ശ്രദ്ധയിൽപ്പെട്ടില്ലെന്നും, കുറവു മുദ്രവില ബന്ധപ്പെട്ട കക്ഷിയിൽ നിന്നും മുദ്രപത്ര നിയമം 33 എ പ്രകാരം ഈടാക്കാൻ രജിസ്റ്ററിംഗ് ആഫീസർക്ക് നടപടിയെടുക്കാനുള്ള രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഉത്തരവായിട്ടുള്ളത് 01/04/2019-ന് മുൻപ് രജിസ്റ്റർ ചെയ്ത ഈ ആധാരത്തിന്റെ കാര്യത്തിൽ കഴിയില്ലെന്ന് പത്തനംതിട്ട ജില്ലാ രജിസ്ട്രാർ അറിയിച്ചിട്ടുണ്ടെന്നും കൈപ്പിശകുമൂലം തെറ്റായ രീതിയിൽ മുദ്രവില ചുമത്തി രജിസ്റ്റർ ചെയ്തുപോയ ആധാരങ്ങളുടെ കുറവു മുദ്ര വിലയും ഫീസും ബന്ധപ്പെട്ടകക്ഷികളിൽ നിന്നും ഈടാക്കുന്നതിനും രജിസ്റ്ററിംഗ് ആഫീസറെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുന്നതിനുമായി 2019 ലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച് നടപ്പാക്കിയിട്ടുള്ള നിയമത്തിന്റെ ഉദ്ദേശത്തെതന്നെ ചോദ്യം ചെയ്യുന്നതാണെന്നും ടിയാൾ അപേക്ഷയിൽ പറഞ്ഞിരിക്കുന്നു. കൂടാതെ 10 വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഏതൊരു ആധാരത്തിന്മേലും കേരളാ മുദ്രപത്ര നിയമം 33 എ വകുപ്പ് ചുമത്താമെന്നിരിക്കെ സർക്കാർ ഒഴിവാക്കപ്പെട്ട ബാദ്ധ്യത രജിസ്റ്ററിംഗ് ആഫീസറിൽ തന്നെ ചുമത്താനുള്ള തീരുമാനം ഖേദകരമാണെന്നും, 13/01/2021 ലെ GO(P)6/2021 നികുതി ഉത്തരവിൽ ടി 33 എ വകുപ്പ് നടപ്പാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ നിയമിക്കുകയും അത്തരം നിയമനത്തിന് 01/04/2019 മുതൽ പ്രാബല്യമുണ്ടെന്നും ഉത്തരവായിട്ടുള്ളതിനെ തെറ്റായി വ്യാഖ്യാനിക്കുകയാണ് ഇവിടെ ഉണ്ടായിട്ടുള്ളതെന്നും ആകയാൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ ഉത്തരവ് റദ്ദ് ചെയ്ത് സഹോദരങ്ങൾ ഒഴിയുന്ന അവകാശത്തിന് കേരള മുദ്ര പത്രനിയമം പട്ടിക 48(a) പ്രകാരവും സഹോദരിയുടെ അനന്തരാവകാശികൾ ഒഴിയുന്ന അവകാശത്തിന് 48 (b) പട്ടിക പ്രകാരവും മുദ്രവില ചുമത്തി കുറവു തുക ബന്ധപ്പെട്ട കക്ഷിയിൽ മുദ്രപത്ര നിയമം 33 എ വകുപ്പ് പ്രകാരം ഈടാക്കുവാൻ ഉത്തരവുണ്ടാകണമെന്നും ബന്ധപ്പെട്ട സബ് രജിസ്ട്രാർ പരാമർശം (2) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

4. റിമാർക്കാധാരമായ 2817/2018-ാം നമ്പർ ആധാരത്തിലെ 5ഉം 6ഉം കക്ഷികൾ കേരളാ മുദ്രപത്രപട്ടിക 48(എ) യുടെ പരിധിയിലുള്ള കുടുംബം എന്ന നിർവ്വചനത്തിൽ ഉൾപ്പെട്ടു വരുന്നില്ല എന്ന് കാണുന്നുവെന്നും ആയത് സബ് രജിസ്ട്രാർ സമ്മതിക്കുകയും ചെയ്തിട്ടുള്ളതാണെന്നും സമാനമായ മറ്റൊരു റിവിഷൻ ഹർജിയിൽ അപ്പീൽ നിരസിച്ചുകൊണ്ടുള്ള രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ ഉത്തരവ് നിലനിൽക്കുന്നതാണെന്നു കണ്ട് സർക്കാരിൽ നിന്നും അപ്പീൽ നിരസിച്ചു ഉത്തരവായിട്ടുള്ളതാണെന്നും മേൽ സാഹചര്യത്തിൽ 2817/2018-ാം നമ്പർ ആധാരത്തിലെ കക്ഷികൾ കുടുംബത്തിൽ ഉൾപ്പെട്ടുവരുന്നവരായതിനാൽ കേരള മുദ്രപത്ര നിയമം 1 മുതൽ 4 വരെയുള്ള കക്ഷികൾ 48(എ) യുടെ പരിധിയിൽ വരുന്നതിനാലും 5, 6 കക്ഷികൾ 48(ബി) യുടെ പരിധിയിൽ വരുന്നതിനാലും മേൽ പ്രകാരം വെവ്വേറെ സ്റ്റാമ്പ് ഡ്യൂട്ടി കണക്കാക്കേണ്ടതാണെന്ന ബന്ധപ്പെട്ട സബ് രജിസ്ട്രാറുടെ വാദം സ്വീകരിക്കത്തക്കതല്ലെന്നും

രജിസ്ട്രേഷൻ ഇൻസ്‌പെക്ടർ ജനറൽ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

5. എന്നാൽ കേരള മുദ്രപ്പത്രനിയമം സെക്ഷൻ 33 എ പ്രകാരം ആധാരം രജിസ്റ്റർ ചെയ്ത തീയതി മുതൽ 10 വർഷം അധികരിക്കാത്ത ആധാരങ്ങൾ ബന്തവസ്സ് ചെയ്യാവുന്നതും കുറവ് മുദ്രവില ബന്ധപ്പെട്ട കക്ഷിയിൽ നിന്നും ഈടാക്കാവുന്നതുമാണെന്നും, റിമാർക്കിനാസ്പദമായ 2817/2018-ാം നമ്പർ ആധാരം രജിസ്റ്റർ ചെയ്തിട്ടുള്ളത് 27/11/2018 തീയതിയിൽ ആയതിനാൽ മുദ്രവില ഇനത്തിൽ സർക്കാരിനുണ്ടായ റവന്യൂ നഷ്ടം ഈടാക്കുന്നതിന് കേരള മുദ്രപത്ര നിയമം സെക്ഷൻ 33എ പ്രകാരമുള്ള സമയപരിധി കഴിഞ്ഞിട്ടില്ലാത്തതിനാൽ ആയതനുസരിച്ചുള്ള നടപടി സ്വീകരിക്കാവുന്നതാണെന്നും രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ ഉണ്ടായ റവന്യൂ നഷ്ടം ഈടാക്കുന്നതിന് രജിസ്ട്രേഷൻ ആക്റ്റ് സെക്ഷൻ 80 എ പ്രകാരമുള്ള സമയപരിധിയായ 3 വർഷം കഴിഞ്ഞിട്ടുള്ളതിനാൽ ടി തുക ആധാരകക്ഷിയിൽ നിന്നും ഈടാക്കുവാൻ കഴിയില്ലെന്നും രജിസ്ട്രേഷൻ ഇൻസ്‌പെക്ടർ ജനറൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. റിമാർക്കാധാരമായ 2817/2018-ാം നമ്പർ ആധാരത്തിലെ 5ഉം 6ഉം കക്ഷികൾ കേരളാ മുദ്രപത്രപട്ടിക 48(എ) യുടെ പരിധിയിലുള്ള കുടുംബം എന്ന നിർവ്വചനത്തിൽ ഉൾപ്പെട്ടു വരുന്നില്ല എന്ന് കാണുന്നു. ആധാരത്തിലെ കക്ഷികൾ കുടുംബത്തിൽ ഉൾപ്പെട്ടുവരുന്നവരായതിനാൽ കേരള മുദ്രപത്ര നിയമം 1 മുതൽ 4 വരെയുള്ള കക്ഷികൾ 48(എ) യുടെ പരിധിയിൽ വരുന്നതിനാലും 5, 6 കക്ഷികൾ 48(ബി) യുടെ പരിധിയിൽ വരുന്നതിനാലും മേൽ പ്രകാരം വെവ്വേറെ സ്റ്റാമ്പ് ഡ്യൂട്ടി കണക്കാക്കേണ്ടതാണെന്ന ബന്ധപ്പെട്ട സബ് രജിസ്ട്രാറുടെ വാദം നിലനിൽക്കുന്നതല്ല എന്ന് കാണുന്നതിനാൽ ശ്രീ.എ.ഷാജഹാൻ പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. 1908-ലെ രജിസ്ട്രേഷൻ ആക്റ്റിലെ 33 A വകുപ്പ് പ്രകാരമുള്ള സമയപരിധിയായ 10 വർഷം കഴിഞ്ഞിട്ടില്ലാത്തതിനാൽ ഇത് സംബന്ധിച്ച് കുറവു മുദ്രവില ബന്ധപ്പെട്ട കക്ഷിയിൽ നിന്നും ഈടാക്കാൻ വേണ്ട നടപടി രജിസ്ട്രേഷൻ ഇൻസ്‌പെക്ടർ ജനറൽ സ്വീകരിക്കേണ്ടതാണെന്നും ഇതിനാൽ നിഷ്കർഷിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
ജോയിന്റ് സെക്രട്ടറി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം.
ശ്രീ.എ.ഷാജഹാൻ (രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുഖേന )
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
വെബ് ആൻഡ് ന്യൂ മീഡിയ(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി )
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Praneesh M P
സെക്ഷൻ ഓഫീസർ
Date: 12-12-2024 11:07:57